MAWAQ
MAniyurmuslim Welfare Association Qatar

ഒരു മാവാഖ് പ്രസിദ്ധീകരണം

# മവാഖ്

ത്രൈമാസ ബുള്ളറ്റിൻ

OCTBER
2020

MUTUAL HELPING PROGRAM
പ്രവാസം അവസാനിപ്പിക്കുമ്പോൾ
മവാഖിന്റെ സ്നേഹോപഹാരം – മർഹമ
മർഹമയിൽ പങ്കാളികളാവുക

## മവാഖ് എക്സലൻസ് അവാർഡ് 2020

## അനുമോദനത്തിന്റെ വേറിട്ട വഴി

അനുമോദനം എന്ന പദത്തിന്, കൂടെ-സന്തോഷിക്കുക എന്നാണ് ശബ്ദതാരാവലി അർഥം നൽകിയിരിക്കുന്നത്. കൂടിച്ചേരുമ്പോഴാണല്ലോ സന്തോഷത്തിനു മാറ്റു വർധിക്കുന്നത്. നിർഭാഗ്യവശാൽ കഴിഞ്ഞ ആറേഴു മാസക്കാലമായി മാനവരാശി ഒന്നടങ്കം, കോവിഡ് എന്ന മഹാമാരി മൂലം ജീവിതത്തിലെ സകല സന്തോഷങ്ങൾക്കും അവധി നൽകി സാമൂഹ്യ അകലം പാലിച്ചു കൊണ്ട് ദിവസങ്ങൾ തള്ളി നീക്കുകയാണ് .മനുഷ്യരുടെ സങ്കല്പത്തിൽ ഒരിക്കൽ പോലും വരാതിരുന്ന കാര്യങ്ങളാണ് നിത്യ ജീവിതത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. കൊച്ചു കുട്ടികളുടെ തുള്ളിച്ചാടലുകൾ കൊണ്ട് ശബ്ദായമാനമായിരുന്ന സ്കൂൾ മുറ്റങ്ങളിൽ പാഴ്ച്ചെടികൾ വളർന്നു നിൽക്കുന്ന അസഹനീയമായ കാഴ്ച്ച. വീടകങ്ങളിൽ തളച്ചിടപ്പെട്ടത് ആർത്തുല്ലസിച്ചു നടക്കേണ്ടിയിരുന്ന നമ്മുടെ കുട്ടികളാണ്. എവിടേക്കും പോകാനില്ലാതെ,എല്ലാം ഉള്ളിലൊതുക്കി അവർ കാത്തിരിക്കുകയാണ്. തങ്ങളുടെ കൂട്ടുകാരെ, പ്രിയപ്പെട്ട ഗുരുനാഥന്മാരെ ഒന്ന് കാണാനും കുശലം പറയാനുമായി ....അതെ,തികഞ്ഞ അനിശ്ചിതത്വത്തിലൂടെയാണ് നാം കടന്നുപോകുന്നത്.

മനുഷ്യനന്മക്കായി നിലകൊള്ളുന്ന മവാഖ് മണിയൂർ എന്ന സന്നദ്ധ സംഘത്തെ സംബന്ധിച്ചേടത്തോളം കോവിഡ് കാലവും വിശ്രമം ഇല്ലാത്തതായിരുന്നു. ലോക്ക് ഡൌൺ പ്രഖ്യാപിച്ചയുടൻ സാനിറ്റൈസർ ഉപയോഗിച്ച് കൈകൾ ശുദ്ധീകരിക്കാൻ വേണ്ടിയുള്ള പരസ്യങ്ങൾ പതിവായി കേൾക്കാൻ തുടങ്ങി. പക്ഷെ അത് എവിടെയും കിട്ടാനില്ലായിരുന്നു. പൊതു സ്ഥാപനങ്ങളിലെങ്കിലും അത് ലഭ്യമാക്കാൻ വേണ്ടി മവാക്ക് നടത്തിയ ശ്രമം സമാനതകൾ ഇല്ലാത്തതായിരുന്നു. അതുകൊണ്ടു തന്നെ സാനിറ്റൈസർ  വിതരണം ഏറെ ശ്രദ്ധിക്കപ്പെട്ടു. കൂടാതെ മൂവ്വായിരത്തോളം തുണി മാസ്കുകൾ തയ്യാറാക്കി പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ വിതരണം ചെയ്തുകൊണ്ട് നാം നടത്തിയ രോഗ പ്രതിരോധ മുന്നേറ്റം സർവരുടെയും പ്രശംസ പിടിച്ചു പറ്റി എന്നത് അഭിമാനത്തോടെ നമുക്ക് ഓർക്കാം.

മണിയൂർ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ പ്രതിഭകളെ അനുമോദിക്കുന്ന  ശ്രദ്ധേയമായ ഒരു പരിപാടിയായി മവാഖ് എക്സലൻസ് അവാർഡ് മാറിക്കഴിഞ്ഞു എന്നത് ഏറെ സന്തോഷമുളവാക്കുന്നു. കോവിഡ് മൂലം ആ പരിപാടി ഉപേക്ഷിക്കുവാനല്ല മവാഖ് തീരുമാനിച്ചത്; മറിച്ചു ഏറ്റവും ഭംഗിയായി ഈയൊരു പ്രതിസന്ധി ഘട്ടത്തിൽ നമ്മുടെ നാടിന്റെ പ്രതിഭകളെ അനുമോദിക്കുക തന്നെ വേണം എന്ന ഉറച്ച ബോധ്യം എല്ലാ പ്രതിബന്ധങ്ങളെയും തട്ടിമാറ്റുന്നതായിരുന്നു. അത്കൊണ്ട് തന്നെയാണ് ഭൂമിശാസ്ത്ര പരമായി ഏറെ പ്രത്യേകതകളുള്ള മണിയൂർ പഞ്ചായത്തിലെ ഏതാണ്ട് മുന്നൂറോളം പ്രതിഭകളെ അവരുടെ വീടുകളിൽ, രക്ഷിതാക്കളുടെ സാന്നിധ്യത്തിൽ അനുമോദിക്കുവാൻ മവാഖിനു നിഷ്പ്രയാസം കഴിഞ്ഞത്. കുന്നും മലയും താഴ്വരയും തോടുകളുമൊന്നും നമുക്ക് തടസ്സങ്ങളായില്ല.

ഇച്ഛാശക്തിയുള്ള ഒരു സംഘത്തിന്റെ ചിട്ടയായ പ്രവർത്തനത്തിന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ വിജയകരമായ ഒരു പരിസമാപ്തിയിൽ എത്തുവാൻ കഴിഞ്ഞിരിക്കുന്നു...അൽഹംദുലില്ലാഹ്. കണ്ടെൻമെൻറ് സോണുകളിൽ ചില വിദ്യാർത്ഥികളെ കൂടി മാത്രമേ ഇനി അനുമോദിക്കുവാനുള്ളൂ. ദിവസങ്ങൾക്കകം അത് പൂർത്തിയാകും. തികച്ചും പ്രതികൂലമായ സാഹചര്യങ്ങളിൽ അഭിമാനാർഹമായ വിജയം കൈവരിച്ച അനേകം വിദ്യാർത്ഥികളെ നമുക്ക് കാണുവാൻ കഴിഞ്ഞു. ഒരു പക്ഷെ ഭൂരിഭാഗം കുട്ടികളും ഇടത്തരക്കാരോ അതിലും താഴെയുള്ളവരോ ആണെന്നത് ശ്രദ്ധേയമാണ്. നമ്മുടെ അവാർഡ് അവർ ഏറെ വിലമതിക്കുന്നു എന്നത് രക്ഷിതാക്കളുടെയും കുട്ടികളുടെയും പ്രതികരണങ്ങളിലൂടെ, അവരുടെ ഹൃദയത്തിൽ നിന്ന് വന്ന വാക്കുകളിലൂടെ  ഞങ്ങൾക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞു. ഞങ്ങൾ, യു എസ് എസ് അവാർഡ് നൽകുന്നതിനായി ഒരു വീട്ടിൽ എത്തിയപ്പോഴുണ്ടായ അനുഭവം ഹൃദയസ്പർശിയായി. അവാർഡ് ഏറ്റുവാങ്ങിയ ഉടൻ ആ കൊച്ചുമിടുക്കന് പറയാനുണ്ടായിരുന്നത് ഒരു ഫോൺ ഇല്ലാത്തതു മൂലം അവൻ അനുഭവിക്കുന്ന പ്രശ്നങ്ങൾ ആയിരുന്നു. അവൻ സ്റ്റുഡന്റ് പോലീസ് കേഡറ്റ് ആണ്. അവരുടെ ഓൺലൈൻ ക്ളാസുകളൊന്നും കാണാൻ കഴിയാറില്ല. ബന്ധുക്കളോടെല്ലാം പറഞ്ഞു...ഒരു പരിഹാരവും ആയില്ല. കരച്ചിലടക്കാനാവാതെ, നിങ്ങൾക്ക് എന്തെങ്കിലും ചെയ്യാനാവുമോ എന്ന ആയമ്മയുടെ ചോദ്യം ഞങ്ങളെ ഉള്ളുലച്ചുകളഞ്ഞു. ചെയ്യാനാവുമോ എന്ന് നോക്കാം എന്ന് പറഞ്ഞുകൊണ്ട് അവരെ സമാധാനിപ്പിച്ചു ഞങ്ങൾ തിരിച്ചിറങ്ങി. പിറ്റേന്ന് കാലത്തു അവനൊരു സ്മാർട്ട് ഫോണുമായി ഞങ്ങൾ ആ വീട്ടിലേക്ക് വീണ്ടുമെത്തിയപ്പോൾ അവരുടെ മുഖത്തു കാണാൻ കഴിഞ്ഞ സന്തോഷം പറഞ്ഞറിയിക്കാൻ വാക്കുകളില്ല.

തീർച്ചയായും ഇത് ചരിത്രത്തിൽ രേഖപ്പെടുത്തുക തന്നെ ചെയ്യും. വിദ്യാഭ്യാസ മുന്നേറ്റത്തിനായി കഴിഞ്ഞ ഒരു പതിറ്റാണ്ടിലധികം കാലമായി മവാഖ് നടതതിയ  പ്രവർത്തനങ്ങൾക്ക് സമാനതകളില്ല. നമ്മുടെ മഹല്ലുകളിൽ ഇനിയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി ഒരു വിദ്യാഭ്യാസ മുന്നേറ്റം കൈവരിക്കാൻ കഴിയുമെന്ന് ആശിച്ചുകൊണ്ടു , പ്രാര്ഥിച്ചുകൊണ്ട് നിർത്തട്ടെ.

സ്നേഹത്തോടെ

**റഷീദ് പാലക്കണ്ടി**
**ചെയർമാൻ**
**മവാഖ് കരിയർ ഗൈഡൻസ് & ഇൻഫർമേഷൻ സെന്റർ**
**കുറുന്തോടി**

# MAWAQ DAY 2020

ഒരു മാവാഖ് പ്രസിദ്ധീകരണം

# മവാഖ്

ത്രൈമാസ ബുള്ളറ്റിൻ

MAWAQ
MAniyurmuslim Welfare Association Qatar

OCTBER 2020

മർഹമ
MUTUAL HELPING PROGRAM

പ്രവാസം അവസാനിപ്പിക്കുമ്പോൾ
മവാഖിന്റെ സ്നേഹോപഹാരം – മർഹമ

മർഹമയിൽ പങ്കാളികളാവുക

## മവാഖ് എക്സലൻസ് അവാർഡ് വിതരണത്തിലെ അനുഭവങ്ങൾ

മവാഖിൻറെ ഈ വർഷത്തെ പുരസ്കാരങ്ങൾ വിതരണം ചെയ്യ്തത് തികച്ചും വ്യത്യസ്തമായ സാഹചര്യത്തിലായിരുന്നു. ലോകം മുഴുവൻ കോവിഡ് രോഗ ബാധയാൽ ആളുകൾ പൊറുതി മുട്ടുകയും എല്ലാവരും ഭീതിയിൽ അകപ്പെടുകയും ചെയ്യ്ത മാസങ്ങൾ. എല്ലാവിധ ഒത്തു ചേരലുകളും വിലക്കപ്പെട്ട (സ്വയം വിട്ടുനിന്ന) ദിവസങ്ങൾ. നാളെ ഇതെല്ലാം മാറി പഴയതു പോലെയാകും എന്ന പ്രതീക്ഷ.... ഈ പ്രതീക്ഷ അനന്തമായി നീളുകയാണ്.മവാഖിൻറെ നേതൃത്വത്തിൽ നാട്ടിൽ വർഷങ്ങളായി നടത്തിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, പരിശീലനങ്ങൾ, അനുമോദന യോഗങ്ങൾ, ബോധവൽക്കരണ ക്ലാസുകൾ..... എല്ലാം ഈ ഭീതി കാരണം നടത്താനാവാത്ത സാഹചര്യമാണുണ്ടായത്. നമ്മുടെ ഏറ്റവും ശ്രദ്ധേയമായ പരപാടിയായ ഉന്നത വിജയികൾക്കുള്ള പുരസ്കാര വിതരണം അനിശ്ചിതമായി നീണ്ടു പോകുമെന്നു ബോധ്യം വന്നതോടെ വിജയികളുടെ വീടുകളിൽ ചെന്ന് നടത്താം എന്ന തീരുമാനമായി. അതിൻറെ ഭാഗമായി പതിയാരക്കരയിൽ LSS(20) USS(2) NMMS(3) SSLC(10) PLUS 2(5) തുടങ്ങിയവയിൽ ഉന്നത സ്ഥാനം നേടിയവർക്കും വിദ്യാഭ്യാസ രംഗത്ത് മറ്റു ശ്രദ്ധിക്കപ്പെടുന്ന നേട്ടം കൈവരിച്ചവർക്കും ഏറ്റവും മികച്ച രീതിയിലുള്ള അനുമോദനം നൽകാൻ ഈ പ്രതികൂല സാഹചര്യത്തിലും കഴിഞ്ഞു എന്ന ചാരിതാർത്ഥ്യത്തിലാണ് ഞങ്ങൾ. കോവിഡ് ഭീഷണിയിലും കോരിച്ചൊരിയുന്ന മഴയത്തും മവാഖിൻറെ സന്ദേശവും പുരസ്കാരവും ഇതുവഴി എത്തിക്കാൻ കഴിഞ്ഞു, അൽഹംദു ലില്ലാഹ്.

പതിയാരക്കരയിലെ 41 പ്രതിഭകളെയാണ് അനുമോദിച്ചത്. ഉദ്ഘാടനം മവാഖിൻറെ പിന്തുണയോടെ പഠനം പൂർത്തിയാക്കി ഫറൂഖ് കോളേജിൽ അസി പ്രൊഫസർ (ഗസ്റ്റ്) ആയ ഫൈറൂസിനെ അനുമോദിച്ചു കൊണ്ടായിരുന്നു. മവാഖിനെ പ്രതിനിധീകരിച്ച് ജ:കെ.പി. അമ്മദ് അൽഗസൽ,മൊയ്തുഹാജി (ഹിമ) എന്നിവരുടെ നേതൃത്വത്തിൽ റഷീദ് മാസ്റ്ററും കെ സി സലീം മാസ്റ്ററും പതിയാരക്കരയിലെ പ്രവർത്തകരും ചേർന്ന് ഫൈറൂസിനെ അഭിനന്ദിച്ചപ്പോൾ അവൻറെ ഉമ്മാമയുടെയും ഉപ്പയുടെയും ഉമ്മയുടെയും കണ്ണുകളിലെ നനവ് സന്തോഷത്തിൻറെയും മവാഖിനോടുള്ള നന്ദിയുടെതുമായിരുന്നു

ഞങ്ങൾ പോയ വീടുകളിൽ ഏറ്റവും ചെറുത് ഒരു ചായപ്പീടിക തൊഴിലാളിയുടെ ഇരട്ടക്കുട്ടികളായ അർച്ചനയുടെയും അഞ്ജനയുടെതുമായിരുന്നു. ഏറ്റവും പരിമിതമായ സാഹചര്യത്തിൽ പഠിച്ച് ട്യൂഷനു പോലും പോകാതെ JNM GHSS ൽ നിന്ന് ബയോളജി സയൻസ് ഗ്രൂപ്പിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയവർ.മവാഖിൻറെ വിദ്യാഭ്യാസ സഹായം ഉപരി പഠനത്തിൽ ലഭിക്കാൻ എന്തുകൊണ്ടും അർഹതപ്പെട്ടവർ.. പല കുട്ടികളും പരിമിതമായ ജീവിതസാഹചര്യങ്ങളിൽ പഠിച്ച് ഉന്നത വിജയം നേടിയവരാണ്. ഞങ്ങൾ അവർക്കെല്ലാം മവാഖിൻറെ സപ്പോർട്ട് എപ്പോഴും ഉണ്ടാകുമെന്ന വാഗ്ദാനം നല്കിയിട്ടുണ്ട്. സുധീർ മാഷും ടീച്ചറായ ഭാര്യയും മവാഖിൻറെ വിദ്യാഭ്യാസ പ്രവർത്തനത്തെക്കുറിച്ചു ഏറെ പ്രോത്സാഹനം നൽകിക്കൊണ്ടാണ് സംസാരിച്ചത്. പ്ലസ് ടു കഴിഞ്ഞ മകൾക്കും ഏഴിൽ പഠിക്കുന്ന മകൾക്കും മവാഖിൻറെ അവാർഡ് കിട്ടിയ സന്തോഷത്തിലായിരുന്നു അവർ..പാലയാട് മഹല്ല് കമ്മിറ്റി അംഗം ജ: എം മഹമൂദ് സനം,റിട്ടയേർഡ് അദ്ധ്യാപകനായ കെ ഗോപാലൻ മാസ്റ്റർ എന്നിവർ ചെറു മക്കൾക്ക് കിട്ടിയ ആദരവിൽ ഏറെ സന്തോഷം പ്രകടിപ്പിച്ചു. സത്യൻ, രാജീവൻ ഇസ്മയിൽ ഷഹനായ്, വിനോദൻ മാസ്റ്റർ, വേണുമാസ്റ്റർ, ഇബ്രാഹിം ഹമീദ്, സുജിത്, ഹനീഫ തുടങ്ങി ഒട്ടേറെപ്പേർക്ക് മവാഖ് ഇനിയും ഇത്തരം പ്രവർത്തനങ്ങളിൽ വ്യാപൃതരാവണമെന്ന അഭിപ്രായമാണുണ്ടായിരുന്നത്. അതുപോലെ പല വീട്ടുകാരും പറഞ്ഞത് ഈ നേട്ടങ്ങൾക്ക് ആദ്യമായി വീട്ടിൽ ചെന്ന് അനുമോദിച്ചത് മവാഖാണെന്നാണ്.

ഏതായാലും മവാഖിന് മണിയൂരിലെ ജനഹൃദയങ്ങളിലുള്ള അദ്വിതീയമായ സ്ഥാനം വെളിപ്പെടുത്തുന്നതായിരുന്നു നമ്മുടെ ഗൃഹ സന്ദർശനം.

**അബ്ദുറഹിമാൻ തിരിക്കോട്ട്**
**കോർഡിനേറ്റർ**
**മവാഖ് കരിയർ ഗൈഡൻസ് & ഇൻഫർമേഷൻ സെന്റർ**
**കുറുന്തോടി**










**ഈ വർഷത്തെ മവാഖ് എക്സലൻസ് അവാർഡിന് 243 പേർ അർഹരായി. അതിൽ ഖുർആൻ ഹാഫിളുമാരുണ്ട്, +2, SSLC പരീക്ഷയിൽ ഉയർന്ന മാർക്കു വാങ്ങിയവർ LSS, USS, NMMS സ്കോളർഷിപ്പിന് യോഗ്യതനേടിയവർ.... ഇവർക്കൊക്കെ മവാഖിന്റെ സ്നേഹോഷ്മളമായ അഭിനന്ദനങ്ങൾ അറിയിക്കുന്നു. എല്ലാവരുടേയും ഫോട്ടോ ഉൾപ്പെടുത്താൻ കഴിയാത്തതിൽ ഖേദിക്കുന്നു.**

# MAWAQ DAY 2020

MAWAQ
MAniyurmuslim Welfare Association Qatar

OCTBER 2020

ഒരു മാവാഖ് പ്രസിദ്ധീകരണം

# മവാഖ്

ത്രൈമാസ ബുള്ളറ്റിൻ

മർഹമ
MUTUAL HELPING PROGRAM

പ്രവാസം അവസാനിപ്പിക്കുമ്പോൾ
മവാഖിന്റെ സ്നേഹോപഹാരം – മർഹമ

മർഹമയിൽ പങ്കാളികളാവുക

## കുടുംബവും കുട്ടികളുടെ പരിപാലനവും

മവാഖ് ലേഡീസ് വിങിൻ്റെ Zoom ൽ നടത്തുന്ന രണ്ടാമത്തെ പ്രോഗ്രാം. സിലുടോക്ക് എന്ന യൂട്യൂബ് ചാനലിലൂടെ ജീവിതവിജയ മന്ത്രങ്ങൾ കൊണ്ട് മലയാളി മനസ്സുകളിൽ ഇടം നേടിയ സൽഹാബീഗത്തിന്റെ മോട്ടിവേഷൻ ക്ലാസ്. അൽഹംദുലില്ലാ അള്ളാഹുവിന്റെ അനുഗ്രഹത്താൽ വളരെ ഭംഗിയായി നടത്താൻ സാധിച്ചു. നസിയ നവാസിന്റെ ഖുർആൻ പാരായണത്തിലൂടെ ആരംഭിച്ച് മവാഖ് ലേഡീസ് വിങിന്റെ പ്രസിഡന്റ് ആയ റബിയ സലാമിന്റെ പരിചയപ്പെടുത്തലും കഴിഞ്ഞ് കാത്തിരുന്ന അതിഥി ക്ലാസ് ആരംഭിച്ചു. കുടുംബത്തിൽ സ്ത്രീകളുടെ സ്ഥാനം, സ്ത്രീ ആരാവണം, എന്താവണം, എങ്ങിനെ ആവണം, അവൾ വെറും ഒരു ഹൗസ് വൈഫ് അല്ല 'ഹൗസ് മേനേജർ ' ആണെന്ന് ഊന്നിപ്പറയുന്ന കാര്യങ്ങൾ സ്വന്തം ജീവിത വെളിച്ചത്തിലൂടെ മകളുടെ കൂടെ വളരെ ആത്മാർത്ഥതയോടെ പറഞ്ഞു തന്നു. കാതിന് ഇമ്പമേറും സംസാരശൈലിയും പ്രസന്നവദനവും മടുപ്പില്ലാതെ മുഴുനീളെ പ്രോഗ്രാം കാണാനും കാര്യങ്ങൾ ഗ്രഹിക്കാനും സഹായിച്ചു. ശേഷം ടോപ്പിക്കിൽ ഉള്ളതും അല്ലാത്തതുമായ ഒത്തിരി സംശയ നിവാരണങ്ങൾ വളരെ താത്പര്യത്തോടെ സമയം നോക്കാതെ തന്നെ നടത്തി. അവതാരക സമയം നോക്കിയാൽ ആളിന് മടുത്തു എന്നാണ് മനസ്സിലാവുക അങ്ങിനെയൊന്നും ഇല്ലാതെ ഇടക്കു കൊതുക് വന്നിട്ട് അതിനോട് വരെ പോകാൻ പറഞ്ഞു. അവസാനം വരെ ഞങ്ങളുടെ കൂടെ വളരെ രസകരമായി കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി തന്നു. ശേഷം ഫെബിന ഫൈസലിന്റെ നന്ദി പ്രകാശനത്തോടെ പ്രോഗ്രാം വൈൻറപ്പ് ചെയ്തു.
കൊറൊണയെന്ന മഹാ വ്യാധി ഈ ലോകമാകെ അടക്കിപിടിച്ചപ്പോൾ മനുഷ്യർ ബുദ്ധിമുട്ടിൽ ആയെങ്കിലും വിവിധ ആപ്ലിക്കേഷനുകളിലൂടെ ലോകം വിരൽതുമ്പിൽ തത്തിക്കളിക്കുമ്പോൾ പലതും പഠിക്കാനും പഠിപ്പിക്കാനും ഇത്തരം പരിപാടികൾ ഒരനുഗ്രഹം തന്നെ.ഇനിയും ഇതുപോലുള്ള പരിപാടികൾ സംഘടിപ്പിക്കാൻ നാഥൻ തുണക്കട്ടെ (ആമീൻ) - ✍**നജ്മുന്നിസ റഫീഖ്**

"നറുനിലാ പുഞ്ചിരി
തൂകും കിടാങ്ങളെ
കരുതലോടെന്നും
കാത്തിടാം - നമ്മൾക്ക്
ജീവിതവിജയത്തിന്നാധാര -
മാംവിധം ധൈര്യം
പകർന്നിടാം -
വിധം ചേർത്തുവെച്ചിടാം

കുഞ്ഞു പൈതങ്ങളെ
ആത്മാഭിമാനത്താ-
ലുയരുന്ന ശിരസ്സാലെ
ലോകം കീഴടക്കട്ടെ
ജീവിതവിജയം
വരിക്കട്ടെ......."

✍നജ്മുന്നിസ റഫീഖ്




**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**
അഹമ്മദ് കരിങ്ങാറ്റിൽ
ടിഎംസി സാദത്ത്
നൌഷാദ് പി.കെ
ജുനൈദ് മർവ
അബ്ദുസലാം കെ

**മവാഖ് അംഗത്വ കാമ്പയിൻ വിജയിപ്പിക്കുക**
മണിയൂരിലെ മഹല്ലുകളിൽ സേവനപ്രവർത്തനത്തോടൊപ്പം പ്രവാസികളുടെ സമ്പുഷ്ടതയും – മവാഖ്

### ✍എഴുത്ത് / പ്രതികരണം

ഒരു കൂട്ടായ്മയെ വിലയിരുത്തുന്ന പ്രധാന അളവുകോൽ അതിന്റെ അംഗ സഖ്യ യല്ല.നേരെമറിച്ച് അത് പ്രസരിപ്പിക്കുന്ന ആശയങ്ങളുടെ വ്യാപനത്തിന്റെ തോത് എത്രത്തോളമാണ് എന്നതിന് അനുസരിച്ചാണ്. തന്നെയുമല്ല ആ ആശയങ്ങളുടെ സ്വീകാര്യതയും അതുണ്ടാക്കുന്ന പ്രതിഫലനവും എത്രത്തോളം ഉണ്ടെന്ന് വിലയിരുത്തൽ നടത്തുമ്പോഴാണ്.ഇത്തരം മാനദണ്ഡങ്ങൾ വെച്ച് മവാഖിനെ വിലയിരുത്തിയാൽ അത് ഒരു മഹാ പ്രസ്ഥാനമാണ് എന്ന് സമ്മതിക്കാതിരിക്കാൻ നിർവാഹമില്ല. അത് തന്നെയാണ് അതിനെ ഉത്കൃഷ്ടമാക്കുന്നതും അതിന്റെ ജനസമ്മതി നാൾക്കു നാൾ വർദ്ധിച്ചു കൊണ്ടിരിക്കുന്നതും. ചെറിയ ചെറിയ സൂത്ര വാക്യങ്ങളിലൂടെ സമൂഹത്തിൽ വലിയ പരിവർത്തനങ്ങൾ സാധ്യമാകും എന്നുതന്നെയാണ് സാമൂഹ്യ ശാസ്ത്രവും നമ്മെ പഠിപ്പിക്കുന്നത്. മവാഖ് സ്വായത്തമാക്കിയ ഇത്തരം സൂത്ര വാക്യങ്ങളുടെ ഉറവിടം അല്ലാഹുവും അവന്റെ റസൂലും നമുക്ക് പഠിപ്പിച്ചു തന്ന ജീവിത ദർശനം തന്നെയാണ്.ലോകത്ത് ആരാലും മലിന മാക്കപ്പെടാൻ കഴിയാത്ത രണ്ട് കാര്യങ്ങളെയുള്ളൂ,അത് അറിവും നന്മയുമാണ്.ഇവ രണ്ടിനെയും ജ്വലിപ്പിച്ചു നിർത്താൻ ആർക്ക് കഴിയുന്നുവോ അവരാണ് സാമൂഹ്യ പരിഷ്കർത്താക്കൾ. ഇത് രണ്ടും അണയാതെ മങ്ങാതെ നിലനിർത്തുകഎന്ന ദൗത്യമാണ് മവാഖിനുള്ളത്. അത് കൊണ്ട് മാത്രമാണ് സമൂഹത്തിന്റെ മഹാഭൂരിപക്ഷവും അതിനെ അംഗീകരിക്കുകയും അതിന്റെ പ്രവർത്തന പാന്ഥാവിൽ തുണയേകി വരുന്നതും.
ഖത്തറിലുള്ള മണിയൂർ പഞ്ചായത്തിലെ പ്രവാസികളെ സംബന്ധിച്ചേടത്തോളം അവരുടെ മൂന്നും നാലും തലമുറയിൽ പെട്ടവരാണ് ഇപ്പൊൾ ഖത്തരിലുള്ളത് എന്ന് അനുമാനിക്കാം.2001 , ഒക്ടോബർ മാസം പിറവിയെടുത്ത മവാഖ് എന്ന ശിശുവിനെ എടുത്ത് വളർത്തിയത് അതിന്റെ പ്രസക്തിയും പ്രാധാന്യവും തിരിച്ചറിഞ്ഞ നമ്മുടെ മുൻഗാമികളായിരുന്നു. സാക്ഷരതയില്ലാത്തതിന്റെപേരിൽ ജോലിസ്ഥലങ്ങളിലും മറ്റും അവർക്ക് നേരിടേണ്ടി വന്ന തിക്താനുഭ വങ്ങളുടെയും തിരിച്ചടികളുടെയും അവഗണനകളുടെയും കഠിന നൊമ്പരങ്ങളും അതു കൊണ്ടുണ്ടായ തിരിച്ചറിവുമാണ് അവർ മവാഖിനെ വാരിപ്പുണരാനുള്ള കാരണമായി വർത്തിച്ചത്. മവാഖ് അവരുടെ സ്വപ്നവും പ്രതീക്ഷയുമായിരുന്നു.അവർക്ക് വേണ്ടിയല്ല അടുത്ത തലമുറക്ക് വേണ്ടി അവർകെട്ടിപ്പടുത്ത ആശ്വാസ ത്തിന്റെ സ്വപ്നസൗദ മായിരുന്നു മവാഖ് ,അവർക്ക് തണലേകാൻ അത് തെല്ലും ഉപകരിക്കില്ല എന്ന ഉത്തമ ബോധ്യത്തോടെ തന്നെ വരും തലമുറക്ക് അവർ നൽകിയ വാഗ്ദാന മായിരുന്നു മവാഖ്.അവർ ഒരിക്കലും നിരാശപ്പെടില്ല എന്ന് മവാഖിന്റെ പ്രവർത്തനങ്ങളിലൂടെ നമുക്കിപ്പോൾ ബോധ്യ മാകുന്നു. പേരെടുത്ത് പറയുകയാണെങ്കിൽ അവർ ഒരുപാട് പേരുണ്ട്.വിശ്രമം വെടിഞ്ഞു മവാഖിന്റെ വിളിപ്പുറത്ത് കാത്തു നിന്നവർ.നമുക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയവർ പ്രതികൂല സാഹചര്യ ങ്ങളെ അതിജീവിക്കാനും, പ്രതിസന്ധികളെ മറികടക്കാനും വെല്ലുവിളികളെ നേരിടാനും വേണ്ട ശിക്ഷണങ്ങളും പരിശീലനങ്ങളും നൽകി മവാഖിനെ ബാല്യംകടത്തിവിട്ടവർ.അവരിൽ പലരും നമ്മെ പിരിഞ്ഞു പോയി. അല്ലാഹു അവർക്ക് അർഹമായ പ്രതിഫലം നൽകി അനുഗ്രഹിക്കട്ടെ.ചിലർ ഇന്ന് രോഗ ശയ്യയിലാണ്.അല്ലാഹു അവർക്ക് ശിഫ നൽകട്ടെ.മറ്റ് ചിലർ ജീവിതായോധനത്തിൻെറ അവശത കളിലുമാണ്.അവർ ഏതേതു അവസ്ഥകളിലാണെങ്കിലും മവാഖ് ഇപ്പോഴും അവരുടെ സിരകളിൽ പതഞ്ഞു കയറുന്ന ആവേശമാണ്.അവരുടെ പ്രാർത്ഥനകളുടെ ഫലങ്ങൾ സമൂഹവും മവാഖും ഇന്ന് ഏറെ അനുഭവിക്കുന്നുണ്ട്.മവാഖ് അതിന്റെ വിജയ കരമായ പ്രവർത്തന പന്ഥാവിൽരണ്ട് പതിറ്റാണ്ടി നോട് അടുക്കുന്ന ഈ ഘട്ടത്തിൽ അവർക്ക് വേണ്ടി പ്രാർത്ഥന യോടെയും അവർ നൽകിയ ഊർജ്ജം ചോർന്നു പോകാതെ നേരിന്റെ വഴിയിൽ ഇനിയും ഘാതങ്ങൾ താണ്ടാൻ മവാഖിന് കഴിയട്ടെ എന്ന ആശംസകളോടെ. **അഹമ്മദ് കരിങ്ങാറ്റിൽ**

## MAWAQ DAY 2020